തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

204(1272) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും, ഓരോ പദ്ധതിയ്ക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന പദ്ധതികൾ സംസ്ഥാന തലത്തിലാണ് നടപ്പിലാക്കി വരുന്നത്. എന്നാൽ തിരൂർ നിയോജക മണ്ഡലത്തിൽ വളവന്നൂർ പഞ്ചായത്തിൽ കുറുകോൽ എന്ന സ്ഥലത്ത് ഒരു പുതിയ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്.

ഇടുക്കി നിയോജക മണ്ഡലത്തിൽ ഭക്ഷ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

205(1273) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യ വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സംസ്ഥാന തലത്തിലാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇടുക്കി നിയോജക മണ്ഡലത്തിലേക്കായി പ്രത്യേകിച്ച് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല എന്നാൽ ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ ഉപ്പുതോട് എന്ന സ്ഥലത്ത് ഒരു പുതിയ മാവേലി സ്റ്റോറും മൂന്നാറിൽ ഒരു മൊബൈൽ മാവേലി സ്റ്റോറും ആരംഭിച്ചു. കൂടാതെ, മൂന്നാർ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇടുക്കിയിൽ പുതിയ താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly